വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

64

www.industry.kerala.gov.in

15 JULY 2024



## എഐ അധിഷ്ഠിത നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കും

# AI ഹബ്ബാകാനൊരുങ്ങി കേരളം

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (നിർമ്മിത ബുദ്ധി) മേഖലയിൽ തദ്ദേശീയ സംഭാവനകൾ നൽകുന്നതിൽ രാജ്യത്തെ പ്രധാന കേന്ദ്രമായി മാറാൻ കേരളത്തിനു കഴിയുമെന്ന് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകളും സമൂഹത്തിലും സമ്പദ്‌വ്യവസ്ഥയിലുമുള്ള സ്വാധീനവും ചർച്ചചെയ്യുന്ന രാജ്യാന്തര ജെനറേറ്റീവ് എഐ കോൺക്ലേവ് 2024 ജൂലൈ 11 ന് കൊച്ചി ലുലു ഗ്രാൻഡ് ഹയാത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

രാജ്യത്തെ ജെൻ എഐ ഹബ്ബ് ആയി ഉയർത്തുന്നതിനുള്ള ചവിട്ടുപടിയാണ് ഈ കോൺക്ലേവ്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്ഐഡിസി) ഐബിഎമ്മുമായി ചേർന്നാണ് കോൺക്ലേവ് സംഘടിപ്പിച്ചിട്ടുള്ളത്. ടൂറിസം, ആരോഗ്യം, വിദ്യാഭ്യാസം, ഐടി, പുനരുപയോഗ ഊർജം തുടങ്ങിയ മേഖലകളിൽ എഐയെ സംയോജിപ്പിക്കുന്നത് സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുകയും ജീവിത നിലവാരം ഉയർത്തുകയും ചെയ്യുമെന്ന് ബഹു. മുഖ്യമന്ത്രി പറഞ്ഞു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്ക് മുൻഗണന നൽകുന്ന വ്യവസായ നയത്തിനാണ് സർക്കാർ തുടക്കമിട്ടിരിക്കുന്നത്. നിർമ്മിത ബുദ്ധിയെ കേരളത്തിലേക്ക് കൊണ്ടുവരുന്നതിനൊപ്പം വ്യവസായ നയത്തിന് ആഗോള ശ്രദ്ധ നേടുന്നതിനും കോൺക്ലേവ് വഴിയൊരുക്കുമെന്നു ബഹു. മുഖ്യമന്ത്രി പറഞ്ഞു. നാലാം വ്യാവസായിക വിപ്ലവത്തെ ആവേശത്തോടെയും ദീർഘവീക്ഷണത്തോടെയും സ്വീകരിച്ച് വ്യവസായം 4.0 സജ്ജമാക്കാൻ കേരളം പ്രതിജ്ഞാബദ്ധമാണ്. ഇന്റർനെറ്റ് ഓഫ് തിംഗ്സ് (ഐഒടി) ബിഗ് ഡാറ്റ, ക്ലൌഡ് കമ്പ്യൂട്ടിംഗ്, സൈബർ ഫിസിക്കൽ സിസ്റ്റങ്ങൾ എന്നിവയുൾപ്പെടെ ഇൻഡസ്ട്രി 4.0 സാങ്കേതികവിദ്യകളുടെ പരിവർത്തന സാധ്യതകൾ സർക്കാർ തിരിച്ചറിയുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ജെൻ എഐ അതിവേഗം വികസിക്കുകയും ലോകത്താകെ വലിയ സാധ്യതകൾ തുറന്നിടുകയും ചെയ്യുന്ന അവസരത്തിലാണ് കേരളത്തിൽ ഇത്തരത്തിൽ കോൺക്ലേവ് നടക്കുന്നതെന്നത് ഇതിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ പുതിയ വ്യാവസായ നയത്തിൽ എഐ ഒരു പ്രധാന മേഖലയായി തിരിച്ചറിഞ്ഞിട്ടുണ്ട്. സമീപഭാവിയിൽ എഐ അടിസ്ഥാനമാക്കിയുള്ള കൂടുതൽ നിക്ഷേപങ്ങൾ സംസ്ഥാനത്ത് പ്രതീക്ഷിക്കുന്നതായി ചടങ്ങിൽ അധ്യക്ഷത വഹിച്ച ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു.

സംസ്ഥാന വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്, ഇലക്ട്രോണിക്സ് ഐടി സെക്രട്ടറി ഡോ. രത്തൻ യു ഖേൽക്കർ ഐ.എ.എസ്., വ്യവസായ വകുപ്പ് ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്, കെ എസ് ഐ ഡി സി ചെയർമാൻ ശ്രീ. പോൾ ആന്റണി ഐ.എ.എസ്, റിട്ട.ഐടിമിഷൻഡയറക്ടർഅനുകുമാരിഐ.എ.എസ്., കെ എസ് ഐ ഡി സി എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ആർ ഹരികൃഷ്ണൻ, കുസാറ്റ് വൈസ് ചാൻസലർ ഡോ. പി.ജി. ശങ്കരൻ, ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥൻ, നോർക്ക റൂട്ട്സ് വൈസ് ചെയർമാനും ലുലു ഗ്രൂപ്പ് എംഡിയും ചെയർമാനുമായ ശ്രീ. എം എ യൂസഫലി, ഐ ബി എം സീനിയർ വൈസ് പ്രസിഡന്റ് ശ്രീ. ദിനേശ് നിർമ്മൽ, കേരള സ്റ്റാർട്ട് അപ്പ് മിഷൻ സി ഇ ഒ ശ്രീ. അനൂപ് അംബിക തുടങ്ങിയവർ പങ്കെടുത്തു.



**ശ്രീ. പിണറായി വിജയൻ**
ബഹു. മുഖ്യമന്ത്രി

സർക്കാർ സേവനങ്ങൾ കാലതാമസമില്ലാതെയും ഫലപ്രദമായും ലഭ്യമാക്കാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ) പ്രയോജനപ്പെടുത്തും



**ശ്രീ. പി. രാജീവ്**
ബഹു. നിയമ വ്യവസായ
കയർ വകുപ്പ് മന്ത്രി

പരമ്പരാഗത തൊഴിലുകൾക്കൊപ്പം ചെറുപ്പക്കാർക്ക് പുതിയ തൊഴിലവസരങ്ങൾക്ക് വഴിയൊരുക്കുകയാണ് എ.ഐ ചെയ്യുന്നത്. എ.ഐ വൈദഗ്ധ്യത്തിലൂടെ തൊഴിൽ വിപണിയിൽ സംസ്ഥാനത്തിന്റെ പ്രസക്തിയും മത്സരക്ഷമതയും ഉറപ്പാക്കാൻ സാധിക്കും.



**ശ്രീ. എം.എ. യൂസുഫലി**
നോർക്ക റൂട്ട്സ് വൈസ് ചെയർമാൻ,
ലുലു ഗ്രൂപ്പ് എം.ഡി

നാളെയുടെ സാങ്കേതികവിദ്യ എ.ഐ ആണ്. കേരളത്തെ എ.ഐ ഹബ് ആക്കാനുള്ള തീരുമാനം സുപ്രധാന നാഴികക്കല്ലാണ്.



## കേരള സോപ്സിന്റെ ചന്ദന സുഗന്ധം

# ഇനി അറേബ്യൻ നാടുകളിലേക്കും

സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ(കെഎസ്ഐഇ) യൂണിറ്റായ കേരളാ സോപ്പ്സ് നിർമ്മിക്കുന്ന പ്രീമിയം ഉത്പന്നങ്ങൾ ഗൾഫ് രാജ്യങ്ങളിലേക്ക് നടത്തുന്ന കയറ്റുമതിയുടെ ഔദ്യോഗിക ഉദ്ഘാടനം സംസ്ഥാന നിയമ, വ്യവസായ,കയർ വകുപ്പ് മന്ത്രി ശ്രീ പി. രാജീവ് നിർവഹിച്ചു. ഇതിനു പുറമെ കേരള സോപ്സ് വിപണിയിലിറക്കുന്ന പുതിയ ഉത്പന്നങ്ങളുടെ വിതരണോദ്ഘാടനവും മന്ത്രി നിർവഹിച്ചു. 2024 ജൂലൈ 13 ന് എറണാകുളത്തെ ബോൾഗാട്ടി ഗ്രാൻഡ് ഹയാത്ത് ഹോട്ടലിലാണ് ചടങ്ങ് സംഘടിപ്പിച്ചത്.



കേരള സോപ്സിന്റെ പ്രീമിയം ഉത്പന്നങ്ങളുടെ സാന്നിധ്യം ആഗോള വിപണിയിൽ ശക്തമാക്കുന്നതിനോടനുബന്ധിച്ചാണ് പുതിയ നീക്കം. പുതിയ ഉത്പന്നങ്ങളായ കേരള സാൻഡൽ ശ്രേണിയിൽ പെട്ട ലിക്വിഡ് ഹാൻഡ് വാഷ്, 'വാഷ് വെൽ ഡിറ്റർജന്റ്' , 'ക്ലീൻവെൽ ഫ്ളോർ ക്ലീനർ', 'ഷൈൻ വെൽ ഡിഷ് വാഷ്'' കൂടാതെ പുതിയ ടോയ്‌ലറ്റ് സോപ്പുകളായ 'കോഹിനൂർ സാൻഡൽ ടർമെറിക്' , 'ത്രിൽ ലാവെൻഡർ', 'ത്രിൽ റോസ്'', 'ത്രിൽ വൈറ്റ്'' എന്നിവയുടെ വിതരണോദ്ഘാടനവുമാണ് നടന്നത്.

ഗുണനിലവാരത്തിനും നൂതനത്വത്തിനും പ്രതിബദ്ധതക്കും പേരുകേട്ട കേരള സോപ്സിന്റെ പുതിയ ഉൽപ്പന്നങ്ങളുടെ സമാരംഭവും ജിസിസി രാജ്യങ്ങളിലേക്കുള്ള കയറ്റുമതി പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതും ആഗോള വിപണിയിൽ സാന്നിധ്യം ശക്തമാക്കുന്നതിനുള്ള പ്രയത്നങ്ങളും കേരള സോപ്സിനെ സംബന്ധിച്ചിടത്തോളം സുപ്രധാന നാഴികക്കല്ലാണ്.




1914 ൽ ബ്രിട്ടീഷുകാർ സ്ഥാപിച്ച കേരളാ സോപ്പ് ഇൻസ്റ്റിറ്റ്യൂട്ട് ആണ് ഇന്നത്തെ കേരളാ സോപ്സിന്റെ മാതൃ സ്ഥാപനം. അന്ന് ഏഷ്യയിലെതന്നെ ഏറ്റവും വലിയ സോപ്പ് നിർമ്മാണ പരിശീലന യൂണിറ്റായിരുന്നു ഇത്. ഇവിടെ നിർമ്മിക്കുന്ന സോപ്പുകൾ ജനപ്രിയമാകുകയും രാജ്യത്തെ വൈസ്രോയി അടക്കമുള്ള പ്രമുഖർക്ക് വിതരണം നടത്തുകയും ചെയ്തിരുന്നു.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ സൂപ്പർ മാർക്കറ്റുകളുടെ ഔട്ട്ലെറ്റുകൾ വഴി കേരള സോപ്സ് ഉത്പന്നങ്ങൾ വിതരണം ചെയ്യുന്നു. കേരളത്തിലെ 14 ജില്ലകളിലായി 85 ഓളം വരുന്ന വിതരണക്കാരിലൂടെയാണ് കേരള സോപ്സിന്റെ വിപണന ശൃംഖല വ്യാപിപ്പിച്ചിരിക്കുന്നത്. ഈ സാമ്പത്തിക വർഷാവസാനത്തോടുകൂടി വിതരണക്കാരുടെ എണ്ണം 150 ലേക്ക് ഉയർത്തുക എന്നതാണ് ലക്ഷ്യം. വിപണിയിൽ സ്വകാര്യ മേഖലയിലെ വൻകിട കമ്പനികളോടാണ് കേരള സോപ്സിന്റെ മത്സരം. ഏറ്റവും ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് മനുഷ്യ സ്പർശം ഏൽക്കാതെയാണ് കേരള സോപ്സ് ഉൽപന്നങ്ങൾ നിർമ്മിക്കുന്നത്.

## ഇന്ത്യ ഹൊറേക എക്സ്പോ 2024;

# സന്ദർശക പ്രശംസ നേടി കേരള സ്റ്റാളുകൾ




ഇന്ത്യ ഹൊറേക എക്സ്പോ 2024 (ഫുഡ് ആൻഡ് ഡ്രിങ്ക് പ്രോസസിംഗ് എക്സ്പോ & ബേക്കേഴ്സ് ടെക്നോളജി ഫെയർ)ൽ ശ്രദ്ധേയ സാന്നിധ്യമായി കേരള സ്റ്റാളുകൾ. ഭക്ഷണ - പാനീയങ്ങൾ, ഡയറി ബേക്കറി, മിഠായി, മധുരപലഹാരങ്ങൾ, ലഘു ഭക്ഷണങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകി കൊണ്ട് സംഘടിപ്പിക്കുന്ന ട്രേഡ് ഫെയർ 2024 ജൂലൈ 3 മുതൽ 5 വരെ തമിഴ്നാട്, കോയമ്പത്തൂർ, കോഡിസിയ ട്രേഡ് ഫെയർ കോംപ്ലക്സിലാണ് സംഘടിപ്പിച്ചത്.

വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഭക്ഷ്യ സംസ്കരണ മേഖലയിലെ 19 എം.എസ്.എം.ഇകൾ ആണ് ട്രേഡ് ഫെയറിൽ പങ്കെടുക്കുന്നത്. 3 ദിവസങ്ങളിലായി ഏകദേശം 25,000 ത്തിലധികം സന്ദർശകർ പങ്കെടുത്ത മേളയിൽ ഉൽപ്പന്ന വൈവിധ്യത കൊണ്ട് കേരള സ്റ്റാളുകൾ സന്ദർശക പ്രശംസ നേടിയിരുന്നു.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.